പട്ടികജാതി സഹകരണ സംഘങ്ങൾ പുനരുദ്ധരിക്കാൻ നടപടി

103 [2972] ശ്രീ. എം. പ്രകാശൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിൽ എത്ര പട്ടികജാതി സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഇതിൽ എത്ര സഹകരണ സംഘങ്ങൾ നല്ല നിലയിൽ പ്രവർത്തിക്കുന്നുവെന്നും എത്രയെണ്ണം തകർച്ചയെ നേരിടുന്നുവെന്നും വെളിപ്പെടുത്തുമോ;

(സി) തകർച്ചയെ നേരിടുന്ന പട്ടികജാതി സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 735.

(ബി) ഇതിൽ 478 സംഘങ്ങൾ പ്രവർത്തിക്കുന്നവയും 257 സംഘങ്ങൾ പ്രവർത്തിക്കാത്തവയുമാണ്.

(സി) ഉണ്ട്.

(ഡി) പട്ടികജാതി/പട്ടിക വർഗ്ഗ സഹകരണ സംഘങ്ങളെ പുനരുദ്ധാരണത്തിനുവേണ്ടി പ്രായോഗികമായി നടത്താവുന്ന പദ്ധതികൾ തയ്യാറാക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിന് സഹകരണ വകുപ്പിന്റെയും, ഐ. സി. എം. ന്റെയും, എസ്. സി./എസ്. ടി. ഡെവലപ്മെന്റെയും, സംയുക്താഭിമുഖ്യത്തിൽ കണ്ണൂർ, തിരുവനന്തപുരം ഐ. സി. എം. കളിൽ വെച്ച് ശിൽപ്പശാലകൾ സംഘടിപ്പിക്കുകയും അവയിൽ ഉരുത്തിരിഞ്ഞ ചർച്ചയുടെ അടിസ്ഥാനത്തിൽ സംഘങ്ങൾ തയ്യാറാക്കിയ പദ്ധതികൾക്കായി കഴിഞ്ഞ മൂന്നു വർഷങ്ങളിലായി എൻ. സി. ഡി. സി.-യിൽനിന്നും 24 സംഘങ്ങൾക്ക് 38.18 ലക്ഷം രൂപയും മാക്രോമാനേജ്മെന്റ് പദ്ധതിയിൽനിന്നും 135 സംഘങ്ങൾക്ക് 286.56 ലക്ഷം രൂപയും അനുവദിച്ചു നൽകിയിട്ടുണ്ട്.

കാർഷിക വികസന ബാങ്കുകളിൽ നിലവിലുള്ള നിക്ഷേപ തുക

104 [2973] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെ എത്ര കാർഷിക വികസന ബാങ്കുകൾ ഉണ്ട്;

(ബി) പ്രസ്തുത ബാങ്കുകളിൽ ആകെ നിലവിൽ എത്ര തുകയുടെ നിക്ഷേപം ഉണ്ട്;

(സി) എത്ര അംഗങ്ങൾ പ്രസ്തുത ബാങ്കുകളിലെല്ലാം കൂടി നിലവിലുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത ബാങ്കുകളിൽ നിന്നായി 2001-02, 2002-03, 2003-04, 2004-05 എന്നീ സാമ്പത്തിക വർഷങ്ങളിൽ എത്ര കർഷകർക്ക് ആകെ എത്ര തുക ലോണായി നൽകിയിട്ടുണ്ട്;

(ഇ) എന്തൊക്കെ ആവശ്യങ്ങൾക്കായിട്ടാണ് പ്രസ്തുത ലോണുകൾ നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കും അതിനോട് അഫിലിയേറ്റ് ചെയ്ത 48 പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളും കേരളത്തിൽ ഉണ്ട്.

(ബി) കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിൽ ആകെ നബാർഡിൽ 33.42 ലക്ഷം രൂപയുടെ നിക്ഷേപം ഉണ്ട്. പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ നിക്ഷേപം സ്വീകരിക്കുന്നില്ല.

(സി) പ്രസ്തുത ബാങ്കുകളിൽ എല്ലാം കൂടി 1,052,088 അംഗങ്ങൾ നിലവിലുണ്ട്.

(ഡി) വായ്പയുടെ കണക്കുകൾ ചുവടെ ചേർക്കുന്നു:

വർഷം	കർഷകരുടെ എണ്ണം	വായ്പാ തുക (ലക്ഷത്തിൽ)
2001-02	762799	32182.46
2002-03	786756	29305.79
2003-04	800347	26998.52
2004-05	845076	33955.90

(ഇ) പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ വഴി കാർഷികവും കാർഷികേതരവുമായ ആവശ്യങ്ങൾക്ക് ഹ്രസ്വകാല വായ്പയും ദീർഘകാല വായ്പയും ആണ് നൽകിയിട്ടുള്ളത്. ഇതിൽ വിദ്യാഭ്യാസം, ഭവന നിർമ്മാണം, വ്യവസായ വായ്പകൾ, സ്വർണ്ണപ്പണയ വായ്പ, വാഹന വായ്പ എന്നിവയും ഉൾപ്പെടുന്നു.

സഹകരണ സംഘങ്ങളിൽ നിന്നെടുത്തിട്ടുള്ള കാർഷിക വായ്പകൾ

105 [2974] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിൽ നിന്നെടുത്തിട്ടുള്ള കാർഷിക വായ്പകൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് സർക്കാർ പ്രഖ്യാപിച്ചതെന്ന് വിശദമാക്കാമോ;

(ബി) ഇതിനായി എന്തു തുക സർക്കാർ നീക്കിവച്ചെന്നും ജില്ല തിരിച്ച് കണക്ക് വെളിപ്പെടുത്തുമോ;

(സി) ഇതിൽ ഇതിനകം എന്തു തുക ചെലവഴിച്ചു എന്നും ജില്ല തിരിച്ച കണക്ക് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly